AUGUST 2014

Follow KCS on

THE KCS NEWS

www.kcschicago.com www.facebook.com/ChicagoKCS

KNANAYA CATHOLIC SOCIETY OF CHICAGO

VOL 2 ISSUE 14

Patron: **Arch Bishop Rt. Rev. Dr. Mathew Moolakatt**
Spiritual Director : **Rev. Fr. Abraham Mutholath**
President: **George Thottapuram**
Secretary: **Juby Vennalasseril**
News Editor : **Simon Kattappuram**

കെ.സി.സി.എൻ.എ. കൺവൻഷൻ

ഓവറോൾ ചാമ്പ്യൻഷിപ്പ് കെ.സി.എസിന് ലഭിച്ചു

ചിക്കാഗോ: ജൂലൈ 3, 4, 5, 6 ദിവസങ്ങളിലായി ചിക്കാഗോ മക്കോർമിക് സെന്ററിൽ നടന്ന കെ.സി.സി.എൻ.എ.യുടെ 11-ാമത് കൺവൻഷനിൽ അലീസാ കാരിത്തുരുത്തേൽ ഓവറോൾ ചാമ്പ്യൻഷിപ്പ് ട്രോഫി കെ.സി.എസ്. ചിക്കാഗോയ്ക്ക് ലഭിച്ചു. കലാ കായിക മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റുകൾ ലഭിക്കുന്ന യൂണിറ്റിനുള്ളതാണ് ഓവറോൾ ചാമ്പ്യൻഷിപ്പ് ട്രോഫിയും 1000 $ ക്യാഷ് അവാർഡും. താമ്പായിലുള്ള ലൗലി കാരിത്തുരുത്തേലിന്റെ മകൾ അലീസാ കാരിത്തുരുത്തേലിന്റെ പേരിലുള്ളതാണ് ഓവറോൾ ചാമ്പ്യൻഷിപ്പ് ട്രോഫി. കൺവൻഷന്റെ സമാപനദിനത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് ട്രോഫി കെ.സി.സി.എൻ.എ. പ്രസിഡന്റ് ടോമി മ്യാൽക്കരപ്പുറം, അനിൽ-ലൗലി കാരിത്തുരുത്തേൽ എന്നിവർ ചേർന്ന് ചിക്കാഗോയുടെ ഭരണ സമിതിക്ക് കൈമാറി. വാശിയേറിയ മത്സരങ്ങളിലൂടെ തിളക്കമാർന്ന വിജയം കൈവരിച്ച് ഓവറോൾ ചാമ്പ്യൻഷിപ്പ് നേടാൻ സഹായിച്ച മുഴുവൻ മത്സരാർത്ഥികളെയും കെ.സി.എസ്. ഭരണസമിതി അഭിനന്ദിച്ചു.

കെ.സി.എസ്സ്. ഒളിമ്പിക്സ് 2014 ഓഗസ്റ്റ് 23 ശനിയാഴ്ച

ചിക്കാഗോ: ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ കായിക മാമാങ്കമായ ഒളിമ്പിക്സ് 2014 ഓഗസ്റ്റ് 23-ാം തീയതി ശനിയാഴ്ച മോട്ടൻ ഗ്രോവിലുള്ള സെന്റ് പോൾ വുഡ്സിൽ വെച്ച് നടത്തപ്പെടുന്നു. വിവിധ ഫൊറോനകളുടെ നേതൃത്വത്തിൽ വാശിയേറിയ വോളിബോൾ, ഫുട്ബോൾ, ബാസ്ക്കറ്റ് ബോൾ, വടംവലി, ഓട്ടം, നടത്തം, കസേരകളി, ത്രോബോൾ ഉൾപ്പെടെ വിവിധ കായിക മത്സരങ്ങൾക്ക് ഒളിമ്പിക്സ് വേദിയാകുന്നതാണ്.

(ശേഷം പേജ് 2 ൽ)

കെ.സി.എസ്. ഏകദിന വിനോദയാത്ര സെപ്റ്റംബർ 1 ന്

ചിക്കാഗോ: ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഏകദിന വിനോദയാത്ര സംഘടിപ്പിക്കുന്നു. സെപ്റ്റംബർ 1-ാം തീയതി തിങ്കളാഴ്ച ലേബർ ഡേയിലാണ് വിനോദയാത്ര നടത്തപ്പെടുക. അന്നേ ദിവസം രാവിലെ 8 മണിക്ക് കെ.സി.എസ്. കമ്മ്യൂണിറ്റി സെന്ററിൽ നിന്ന് പ്രത്യേക ബസ്മാർഗം യൂട്ടിക്കോ വിനോദസഞ്ചാര കേന്ദ്രത്തിലേക്കാണ് വിനോദയാത്ര നടത്തുന്നത്. വിനോദയാത്രയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ കോഡിനേറ്റേഴ്സായ വൈസ് പ്രസിഡന്റ് ജെസ്മോൻ പുറമഠത്തിൽ, ട്രഷറർ ജെസ്റ്റിൻ തെങ്ങനാട്ട് എന്നിവരെ വിളിച്ച് പേര് കൊടുത്ത് റജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം പേര് തരുന്നവർക്കാണ് മുൻഗണന.

കെ.സി.എസ്. ഓണാഘോഷം സെപ്റ്റംബർ 7ന്

ചിക്കാഗോ: ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഈ വർഷത്തെ ഓണാഘോഷം സെപ്റ്റംബർ 7-ാം തീയതി ഞായറാഴ്ച വൈകിട്ട് 6.30 ന് കെ.സി.എസ്. കമ്മ്യൂണിറ്റി സെന്ററിൽവെച്ച് നടത്തപ്പെടുന്നതാണ്. കേരള ജനത ഐശ്വര്യത്തിന്റെയും സമത്വത്തിന്റെയും പ്രതീകമായി ആഘോഷിക്കുന്ന തിരുവോണ ആഘോഷങ്ങളിൽ പങ്കെടുക്കാൻ എല്ലാ കെ.സി.എസ്. അംഗങ്ങളേയും കെ.സി.എസ്. ഭരണസമിതി കമ്മ്യൂണിറ്റി സെന്ററിലേക്ക് പ്രത്യേകം ക്ഷണിക്കുന്നു.

കേരള തനിമയുടെ പ്രതീകമായ മുണ്ടും ജുബ്ബായും സെറ്റുസാരിയും അണിഞ്ഞ് ചെണ്ടമേളത്തിന്റെയും വാദ്യമേളങ്ങളുടെയും അകമ്പടിയോടെ മാവേലി മന്നനെ വരവേല്ക്കാൻ സെപ്റ്റംബർ 7-ാം തീയതി ഞായറാഴ്ച മാറ്റിവെക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഓണോഘോഷത്തോടൊപ്പം പോഷകസംഘടനകളുടെ നേതൃത്വത്തിൽ വിവിധ കലാപരിപാടികൾ ഉണ്ടായിരിക്കുന്നതാണ്.

ക്നാനായ കൺവൻഷന് പ്രൗഢിയേകി കെ.സി.എസ്. ചിക്കാഗോ ഒന്നാം സ്ഥാനത്ത്

ചിക്കാഗോ: കെ. സി. സി. എൻ. എ. യുടെ 11-ാമത് കൺവൻഷന്റെ പ്രഥമദിനത്തിൽ ഇരുപത് യൂണിറ്റുകളുടെ നേതൃത്വത്തിൽ നടന്ന ഘോഷയാത്രയിൽ കെ.സി.എസ്. ചിക്കാഗോയുടെ ഘോഷയാത്ര ഒരു വേറിട്ട അനുഭവമായിരുന്നു. കെ. സി.എസിൽ നിന്നുള്ള രണ്ടായിരത്തോളം അംഗങ്ങൾ വിവിധ വേഷവിധാനത്തിൽ ചെണ്ടമേളത്തിന്റെയും, പഞ്ചവാദ്യങ്ങളുടെയും, തനതായ കേരള സംസ്ക്കാരത്തിന്റെയും, ക്നാനായ പാരമ്പര്യത്തിന്റെയും, കുടിയേറ്റ രാജ്യമായ അമേരിക്കയിലെ വിവിധ സംസ്ക്കാരങ്ങളെയും, പ്രതിനിധാനം ചെയ്ത് നടത്തിയ ഘോയാത്ര കണ്ടുനിന്നവർക്ക് നയനാനന്ദമായിരുന്നു. ഘോഷയാത്രയ്ക്ക് സജി ഇറപുറം, ഡെല്ല നെടിയകാലായിൽ, ജോമോൾ ചെറിയത്തിൽ, ജിമ്മി കണിയാലി എന്നിവരടങ്ങുന്ന 35 അംഗ കമ്മറ്റിയാണ് നേതൃത്വം നൽകിയത്.

ലൂക്കോസ് നടുപ്പറമ്പിൽ വോളിബോൾ ട്രോഫി കെ.സി.എസ്. ചിക്കാഗോ കരസ്ഥമാക്കി

ചിക്കാഗോ:- കെ.സി.സി.എൻ.എ. യുടെ 11-ാമതു കൺവൻഷനിൽ ഏറ്റവും ശ്രദ്ധേയമായി മാറിയ സിനിയേഴ്സിന്റെ ലൂക്കോസ് നടുപ്പറമ്പിൽ മെമ്മോറിയൽ വോളിബോൾ എവർറോളിംഗ് ട്രോഫിക്കു വേണ്ടിയുള്ള മത്സരത്തിൽ കെ. സി. എ സ്. ചിക്കാഗോ വിജയികളായി. വളരെ നാളത്തെ കാത്തിരിപ്പുനും, കൃത്യനിഷ്ടയോടുള്ള പരിശീലനത്തിനു ശേഷമാണ് വോളിബോൾ കിരീടം കെ.സി.എസ്സ്. ചിക്കാഗോക്കു ലഭിക്കുന്നത്. ജോജോ ആലപ്പാട്ട്, മാത്യു തട്ടാമറ്റം, മനോജ് അമ്മായിക്കുന്നേൽ, സജി വെള്ളാരകാലാ, പയസ് ആലപ്പാട്ട്, സിബി കദളിമറ്റം, ജസ്മോൻ എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

കൾച്ചറൽ പ്രോഗ്രാം കെ.സി.എസ്സ് രണ്ടാം സ്ഥാനത്ത്

ക്നാനായ കൺവൻഷനിൽ കെ.സി.എസ്സിന്റെ നേതൃത്വത്തിൽ ഗ്രൂപ്പ് എ യിൽ രണ്ടാം സ്ഥാനം ലഭിക്കുകയുണ്ടായി. ക്നാനായ കുടിയേറ്റ ചരിത്രത്തിന്റെ ഒരു തനിയാവർത്തനം വേദിയിൽ അവതരിപ്പിക്കാൻ നേതൃത്വം കൊടുത്തു. ഗ്രേസി വാച്ചാച്ചിറ ജയിൻ മാതീൽ ചിന്നു തോട്ടം എന്നിവരുടെ ടീമിലുള്ള എല്ലാവർക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

കെ.സി.എസ്സ്. ഒളിമ്പിക്സ്

(ഒന്നാം പേജിൽനിന്നും തുടർച്ച)

കായിക മത്സരങ്ങൾക്ക് മുൻപ് ഫൊറോന അടിസ്ഥാനത്തിലുള്ള മാർച്ച് പാസ്റ്റ് രാവിലെ 9 മണിക്ക് ആരംഭിക്കുന്നതാണ്. കെ.സി.എസിന്റെ ഏറ്റവും മികച്ച ഔട്ട്ഡോർ പരിപാടിയായ ഒളിമ്പിക്സിന്റെ നടത്തിപ്പിന് ഔട്ട്ഡോർ കമ്മറ്റിയുടെ നേതൃത്വത്തിൽ വിപുലമായ സജ്ജീകരണങ്ങളാണ് നടത്തിവരുന്നത്. വിവിധ കായിക മത്സരങ്ങളിൽ പങ്കെടുക്കുന്ന വിജയികൾക്കുള്ള ട്രോഫികൾ അന്നേ ദിവസം തന്നെ വിതരണം ചെയ്യുന്നതായിരിക്കും. എല്ലാ കെ.സി.എസ് അംഗങ്ങളും കായിക മാമാങ്കത്തിൽ പങ്കെടുക്കണമെന്ന് കെ.സി.എസ് ഭരണ സമിതി അഭ്യർത്ഥിക്കുന്നു.

തെരഞ്ഞെടുപ്പ് അറിയിപ്പ്

കെസിഎസിന്റെ അടുത്ത എക്സിക്യൂട്ടീവ് കമ്മറ്റിയിലേക്കും ഒഴിവുവരുന്ന ഏഴ് നാഷണൽ കൗൺസിൽ സ്ഥാനത്തേക്കും ലെജിസ്ലേറ്റീവ് ബോർഡിലേക്ക് ഒഴിവു വരുന്ന എട്ട് സ്ഥാനങ്ങളിലേക്കും വേണ്ടിയുള്ള തെരഞ്ഞെടുപ്പ് നടത്തുന്ന വിവരം അറിയിക്കുന്നു. മേൽപറഞ്ഞ സ്ഥാനങ്ങളിലേക്കുള്ള നാമനിർദ്ദേശപത്രിക ലയിഡൻ ബോർഡ് ചെയർമാന്റെ മുൻപിൽ സമർപ്പിക്കാനുള്ള അവസാനദിനം സെപ്റ്റംബർ 30 തീയതിയാണ്. നോമിനേഷൻ പേപ്പറിനോടൊപ്പം ഓരോ സ്ഥാനാർത്ഥികളും നോമിനേഷൻ ഫീസായി 250 ഡോളർ കെസിഎസിന് സംഭാവന നല്കേണ്ടതാണ്. സ്ഥാനാർത്ഥികളുടെ നോമിനേഷൻ അംഗീകരിക്കണമോ, അതോ തള്ളിക്കളയണമോ എന്ന് ലയിസൺ ബോർഡ് ഒക്ടോബർ 15-ാം തീയതി തീരുമാനിക്കുന്നതായിരിക്കും. സ്ഥാനാർത്ഥികൾക്ക് സ്ഥാനാർത്ഥിത്വം പിൻവലിക്കുവാനുള്ള അവസരം ഒക്ടോബർ 30-ാം തീയതി വരെ ഉണ്ടായിരിക്കും. തെരഞ്ഞെടുപ്പ് ആവശ്യമായി വന്നാൽ നവംബർ 29-ാം തീയതി ശനിയാഴ്ച രാവിലെ 9 മണി മുതൽ വൈകിട്ട് 9 മണി വരെ കമ്മ്യൂണിറ്റി സെന്ററിൽ വച്ച് നടത്തുന്നതായിരിക്കും. നോമിനേഷൻ സമർപ്പിക്കുന്നതിനും കൂടുതൽ വിവരങ്ങൾക്കും ലയിസൺ ബോർഡ് ചെയർമാൻ, ജോസ് സൈമൺ മുണ്ടപ്ലാക്കിലു (630-607-2208)മായി ബന്ധപ്പെടേണ്ടതാണ്. നോമിനേഷൻ ഫോം *www.kcschicago.com* ലും കെ. സി.എസ് ഇ-മെയിലിലും ലഭ്യമാണ്.

എന്ന്

കെ.സി.എസ്. സെക്രട്ടറി

EXECUTIVE BOARD:
PRESIDENT
GEORGE THOTTAPURAM
847-975-9239
VICE PRESIDENT
JESSMON PURAMADATHIL
224-766-9695
SECRETARY
JUBY VENNALASSERIL
847-293-9261
JOINT SECRETARY
BABU THAIPPARAMBIL
630-935-2644
TREASURER
JUSTIN THENGANATT
847-287-5125
LEGISLATIVE BOARD
Jaimon Nanthikattu(Chairman)
Tomy Kannala(V. Chairman)
FINANCE COMMITTEE
George Ealoor(Chairman)
Thomas Appozhiparambil
James Mannakulam
Peena Manappallil
Sudeep Makil
OUTDOOR COMMITTEE
James Koladiyil(Chairman)
Jacob Mannarkattil
Sunil Koitara
Abraham Kallidukil
Ebi Thekkemalayil
ENTERTAINMENT COMMITTEE
Prathibha Thachett(Chairwoman)
Santhosh Kalarickaparambil
Jowyal Elakkattu
Naiju Manakattu
NEWSLETTER COMMITEE
Simon Kattapuram(news editor)
Xavior Madathil
Abin Kulathilkarottu
MEMBERSHIP COMMITTEE
Anand Akasala(Chairman)
Tomy Plathottathil
LITURGY COMMITTEE
Joby Kuzhiyamparambil(Chairman)
Laly Mukalel
Biju Kannachanparambil
LAISON BOARD:
Jose Simon Mundaplackal(Chairman)
Stephen(Sabu)Padinjarel(V.Chairman)
Jomon Chakariamthadathil
Teddy Muzhayanmakkal
Mathadas Ottathyical
BUILDING BOARD:
Joy Kottoor
Shaji Pulimala
NATIONAL COUNCIL MEMBERS:
Deepu Kandarappallil (Youth Rep)
Serine Madayanakavil (Women's Rep)
Tomy Nediyakala
James Thirunelliparambil
Tony Pullapally
Jose Thattarettu
Jojo Analil
AUDITOR:
Jose Vattadikunnel

മുട്ടിയിട്ടും തുറക്കാത്ത വാതിലുകൾ..... ഇനി നമ്മൾ എങ്ങോട്ട്?

പ്രിയ ക്നാനായ സഹോദരി സഹോദരന്മാരെ,

നോർത്ത് അമേരിക്കയിൽ സമുദായ പാരമ്പര്യ സംരക്ഷണത്തിനും നിലനിൽപ്പിനും വേണ്ടി സ്വന്തമായ ദൈവാലയ സംവിധാനം ഉണ്ടാവണമെന്ന് മൂന്നു പതിറ്റാണ്ടുകാലമായി സഭനേതൃത്വത്തോടു നടത്തുന്ന ക്നാനായ ജനതയുടെ അഭ്യർത്ഥനകൾക്ക് യാതൊരു പരിഹാരവുമില്ലാതെ മുന്നോട്ടു പോകുന്നു. ഒരു വലിയ വിശ്വാസ സമൂഹത്തെ അവരുടെ ആവശ്യങ്ങളുടെ മേൽ ഒരു പരിഗണനപോലും നൽകാതെ അവരെ ഒന്നും ശ്രവിക്കാൻ പോലും സന്മനസ്സു കാണിക്കാതിരുന്നത് ഈ ജനതയോടു ചെയ്യുന്ന അവഗണനയുടെ ഉദാഹരണങ്ങളിൽ ഒന്നാണ്. നൂറ്റാണ്ടുകൾ പേറുന്ന ക്നാനായ സമുദായം അചഞ്ചലമായ് മുന്നേറുന്നത് ദൈവത്തിന്റെ ഒരു വലിയ പദ്ധതിയാണ്. അല്ലായിരുന്നെങ്കിൽ നാം എന്നേ ചിന്നിച്ചിതറി പോകുമായിരുന്നു. കേരളദേശത്തേക്കു കുടിയേറി ഇന്ന് ലോകം മുഴുവൻ വ്യാപിച്ചു നിൽക്കുന്ന ഈ ജനതയെ അറിയുന്ന അവരുടെ വികാരങ്ങളെയും, വിചാരങ്ങളെയും അവരുടെ വിശ്വാസ തീവ്രതയും, സമുദായ പാരമ്പര്യങ്ങളും അറിയുന്നവരായിരിക്കണം കത്തോലിക്കാ സഭയിലൂടെ നമ്മെ നയിക്കേണ്ടത്.

പത്രോസിന്റെ പിൻഗാമിയായി കൈവെപ്പു ശുശ്രൂഷയിലൂടെ ക്നാനായക്കാരുടെ അജഗണപരിപാലനത്തിന് നിയോഗിക്കപ്പെട്ട ക്നാനായ വൈദികരും ക്നാനായസഭ മേലദ്ധ്യക്ഷന്മാരായിരിക്കണം ക്നാനായ ജനതയുടെ മേൽ സഭാപരമായി അധികാരമുണ്ടാക്കേണ്ടത്. മറ്റുള്ള ഒരു സംവിധാനങ്ങളും ഈ ജനതയുടെ സഭാപരവും, സമുദായപരവുമായ താൽപ്പര്യങ്ങൾ സംരക്ഷിക്കുതാണെന്ന് ജന്മംകൊണ്ടും കർമ്മംകൊണ്ടും ക്നാനായത്വം സംരക്ഷിക്കുന്ന ക്നാനായ ജനതക്ക് പറയുവാൻ സാധിക്കില്ല. നമ്മുടെ വിഷയങ്ങൾ ഒന്നു ശ്രവിക്കുവാൻ പോലും, എന്തിന് ഈ വിഷയം കൈകാര്യം ചെയ്യുന്ന റോമിലെ ഓറിയന്റൽ കോൺഗ്രിഗേഷൻ ഈ ജനതയുടെ പ്രതിനിധികൾക്ക് തങ്ങളുടെ വാദങ്ങളവതരിപ്പിക്കാൻ ഒരവസരംപോലും തരാതിരിക്കുന്നത് ഈ വിശ്വാസ സമൂഹത്തോട് ചെയ്യുന്ന അനീതിയുടെ മറ്റൊരു ഉദാഹരണമാണ്. കത്തോലിക്കസഭയുടെ പരമാദ്ധ്യക്ഷനായ മാർപ്പാപ്പയുടെ മുൻപിൽ ഈ ജനതക്ക് തങ്ങളുടെ ആവശ്യങ്ങൾ ഉണർത്തുവാനും അത് കേൾക്കുവാനുമുള്ള അവസരങ്ങൾ ആരുടെയൊക്കെയോ സമ്മർദ്ദത്തിന്മേൽ കെട്ടിയടപ്പിക്കപ്പെടുന്നു.

ഈ ജനത പരാതിപ്പെട്ടാൽ അത് സഭാനിഷേധമായും ഈ ജനത സംഘടിച്ചാൽ അത് ധിക്കാരമായും ചിത്രീകരിക്കപ്പെടുന്നു. നീതി നിഷേധിക്കപ്പെട്ട, അടിച്ചമർത്തപ്പെട്ട ഈ ജനത മൂന്നുപതിറ്റാണ്ടുകളായി മുട്ടിയിട്ടും തുറക്കാത്ത വാതിലുകളാണ് നമുക്കു മുൻപിൽ. സഹനത്തിന്റെ പാതയിലൂടെ, പ്രാർത്ഥനയോടെ ഇനിയും കാത്തിരിക്കണമെന്ന് ഉപദേശിക്കുന്നവരോട് ഇനി എത്ര നാൾ. ഇനി നാം എങ്ങോട്ട്? എന്ന ചോദ്യങ്ങൾക്ക് മറുപടി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന് സ്നേഹപൂർവ്വം
ജോർജ് തോട്ടപ്പുറം
കെ.സി.എസ്. പ്രസിഡന്റ്

കെ.സി.എസ്സ്. വിശേഷാൽ പൊതുയോഗം

പ്രിയ കെ.സി.എസ്സ് അംഗങ്ങളേ,

ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ വിശേഷാൽ പൊതുയോഗം ഒക്ടോബർ 18-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് കെ.സി.എസ്സ്. കമ്മ്യൂണിറ്റി സെന്ററിൽ വെച്ച് പ്രസിഡന്റ് ജോർജ് തോട്ടപ്പുറത്തിന്റെ അദ്ധ്യക്ഷതയിൽ കൂടുന്നതാണെന്ന് അറിയിക്കുന്നു.

2013 ഫെബ്രുവരി 2-ാം തീയതി കൂടിയ വിശേഷാൽ പൊതുയോഗത്തിന്റെ അംഗീകാരത്തോടെ നിയമിച്ച മൂന്നംഗ ഭരണഘടന അവലോകന കമ്മറ്റിയുടെ നിർദ്ദേശങ്ങൾ മൂന്നിലൊന്ന് അംഗങ്ങളുടെ കയ്യൊപ്പോടും കെ.സി.എസ്സ്. ലെയിസൺ ബോർഡിന്റെയും ലെജിസ്ലേറ്റീവ് ബോർഡിന്റെ റെക്കമെന്റേഷനിലും ഉൾപ്പെടുത്തുന്ന പ്രൊപ്പോസൽസ് ഈ വിശേഷാൽ പൊതുയോഗത്തിൽ ചർച്ചക്കും അംഗങ്ങളുടെ അംഗീകാരത്തിനുമായി സമർപ്പിക്കുന്നതായിരിക്കും.

ഓരോ പ്രൊപ്പോസൽസും പ്രത്യേകമായി ചർച്ച ചെയ്യുകയും, പാസ്സാക്കേണ്ടതുമായതുകൊണ്ട് ഈ പൊതുയോഗത്തിൽ സംബന്ധിക്കുന്ന അംഗങ്ങൾ മൂന്നു മണിക്കൂർ മുതൽ നാലു മണിക്കൂർ എങ്കിലും ചർച്ചകളിൽ സംബന്ധിക്കാൻ സമയം കണ്ടെത്തണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

പൊതുയോഗത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ രാവിലെ പത്തുമണിക്കെത്തി രജിസ്റ്ററിൽ പേരു രേഖപ്പെടുത്തേണ്ടതാണ്. ഓരോ പ്രൊപ്പോസൽസിലും മൂന്നിൽ രണ്ടു ഭൂരിപക്ഷത്തോടു മാത്രമേ പാസ്സാക്കാൻ സാധിക്കൂ. ആയതിനാൽ റോ കോൾ വേണ്ടിവന്നാൽ രജിസ്റ്ററിൽ പേരുള്ള അടിസ്ഥാനത്തിലായിരിക്കും നടത്തപ്പെടുക എന്നറിയിക്കുന്നു. ഇത് വളരെ സീരിയസായ ഒരു വിഷയമായതുകൊണ്ട് എല്ലാ അംഗങ്ങളുടെ സാന്നിധ്യവും സഹകരണവും വിലയേറിയ നിർദ്ദേശങ്ങളും അന്നേ ദിവസം കെ.സി.എസ്സ് ഭരണസമിതി അഭ്യർത്ഥിക്കുന്നു.

എന്ന്
ജൂബി വെന്നലശ്ശേരി
സെക്രട്ടറി

KCS Youth festival on October 11th

KCS youth festival will be held on October 11th from 9.00 am at community center. More information regarding the youth festival will be available soon in the next newsletter, KCS website and email. For more information, please call Entertainment committee chair, Prathibha Thachet at 224-805-2433 or committee members, Santhosh Kalarickaparambil (630-709-8233, Jowayl Elckatt(847-532-2135) and Naiju Manakkatt(847-274-3115)

മിസ്റ്റർ ക്നാ ഡാനി കണിയാലി
മിസ് ക്നാ സ്വപ്ന തച്ചേട്ട്

വിധികർത്താക്കളിലൊരാളായ മിസ് ഇന്ത്യ യു.എസ്.എ. വിജയി പ്രിയം ഭാർഗവയോടൊപ്പം

സൗന്ദര്യ സങ്കൽപ്പങ്ങൾ നൃത്തമാടിയ രാവിൽ ഡാനി കണിയാലി ക്നാനായ സുന്ദരനും സ്വപ്ന തച്ചേട്ട് ക്നാനായ സുന്ദരിയുമായി തെരഞ്ഞെടുക്കപ്പെട്ടു. ക്നാനായ കൺവൻഷനോട് അനുബന്ധിച്ച് മക്കോർമിക് സെന്ററിലെ സ്കൈലൈൻ ബാൾറൂമിൽ ഇരുപത്തിരണ്ട് പ്രതിഭാ വിലാസങ്ങൾ മാറ്റുരച്ച മത്സരത്തിനൊടുവിലാണ് ഇവർ വിജയതിലകമണിഞ്ഞത്. അഴകളവിനപ്പുറം ബുദ്ധിയുടെയും മനഃശക്തിയുടെയും കണക്കെടുപ്പും ഉൾപ്പെടുത്തിയ മത്സരത്തിൽ ക്നാനായ സമുദായത്തിലെ പതിനഞ്ചിനും ഇരുപത്തിയഞ്ചിനും ഇടയിലുള്ള യുവതീയുവാക്കളുടെ വിഭിന്നങ്ങളായ മിന്നുന്ന പ്രകടനങ്ങൾക്ക് സ്കൈലൈൻ ബാൾറൂം സാക്ഷ്യം വഹിച്ചു.

ആവേശത്തിരയിളക്കി ക്നാനായ മന്നൻ – മങ്ക വാഴ്ച

ചിക്കാഗോയിലെ ലോക പ്രശസ്തമായ മക്കോർമിക് പ്ലേസ് കൺവെൻഷൻ സെന്ററിൽ വച്ച് നടന്ന പതിനൊന്നാമത് കെ.സി.സി.എൻ.എ. നാഷണൽ കൺവൻഷനോട് അനുബന്ധിച്ച് സംഘടിപ്പിച്ച ക്നാനായ മന്നൻ-മങ്ക മത്സരം ആവേശകരമായി. മൂന്ന് റൗണ്ടുകളിലായി നടന്ന മത്സരത്തിനൊടുവിൽ ചിക്കാഗോയിൽ നിന്നുമുള്ള ലിൻസൺ കൈതമലയിൽ ക്നാനായ മന്നനും, ഹൂസ്റ്റനിൽ നിന്നുമുള്ള ആനി മുട്ടത്തിൽ മങ്കയുമായി തിരഞ്ഞെടുക്കപ്പെടട്ടു. ജോബി കളപ്പുരയ്ക്കൽ - തമ്പാ, ലിൻസ് താന്നിച്ചുവട്ടിൽ - ചിക്കാഗോ, മിഥു മ്യാൽക്കരപ്പുറത്തു - ഹൂസ്റ്റൻ, സ്മിത തോട്ടം - ന്യൂയോർക്ക് എന്നിവർ ഇരു വിഭാഗങ്ങളിലായി റണ്ണറപ്പായി.

KCCNA SOUVENIR

All family pictures, individual pictures of subcommittee members and articles for convention souvenir to kccna2014@gmail.com asap. With questions call; Linson Kaithamalayil chairman souvenir committee (847 338 0965)

Thanks

Special Thanks to Sanju Pulickathottil for supporting Justin Thengnatt for successfully conducying the illinois class A/ B/C ust operator Training

കൺവൻഷൻ വെൽക്കം പ്രോഗ്രാം ശ്രദ്ധേയമായി

കൺവൻഷന്റെ പ്രാരംഭ ഇനത്തിൽ അവതരിപ്പിച്ച വെൽക്കംപ്രോഗ്രാം ശ്രദ്ധേയമായി. വെൽക്കം പ്രോഗ്രാമിന് നേതൃത്വം നൽകിയ പ്രതിഭ തച്ചേട്ടിന്റെ നേതൃത്വത്തിലുള്ള എല്ലാ കമ്മറ്റിയംഗങ്ങൾക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

കെ.സി.എസ്. ഗ്രാജുവേഷനും പേരന്റ്സ്ദിനവും ശ്രദ്ധേയമായി

ചിക്കാഗോ: ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഗ്രാജുവേഷനും പേരന്റ് സ്ദിനവും വിവിധ പരിപാടികളോടെ ആഘോഷിച്ചു. ജൂൺ 15-ാം തീയതി ഞായറാഴ്ച വൈകിട്ട് കെ.സി.എസ്. കമ്മ്യൂണിറ്റി സെന്ററിൽ നടന്ന വർണ്ണശബളമായ ചടങ്ങിൽ കെ.സി.എസ്. പ്രസിഡന്റ് ജോർജ് തോട്ടപ്പുറം പരിപാടികൾ ഉദ്ഘാടനം ചെയ്തു. വിവിധ തലങ്ങളിൽ ഗ്രാജുവേറ്റ് ചെയ്യപ്പെട്ടവരെ പ്രതിനിധീകരിച്ചുകൊണ്ട് ഡോ. അജിമോൾ ജയിംസ് പുത്തൻപുരയിൽ, ഹൈസ്കൂൾ ഗ്രാജുവേറ്റ് ഫിലിപ്പ് വിരുത്തിക്കുളങ്ങര എന്നിവർ പ്രസംഗിച്ചു. യോഗത്തിൽ സെക്രട്ടറി ജൂബി വെന്നലശ്ശേരി സ്വാഗതവും, ജോ.സെക്രട്ടറി ബാബു തൈപ്പറമ്പിൽ കൃതജ്ഞതയും പറഞ്ഞു. ഹാനാ കിഴക്കേതിലിന്റെ പ്രാർത്ഥനാഗാനത്തോട് തുടങ്ങിയ യോഗത്തിൽ എന്റർടൈൻമെന്റ് ചെയർവുമൻ പ്രതിഭ തച്ചേട്ട് എം.സി.യായിരുന്നു. വൈസ് പ്രസിഡന്റ് ജെസ്മോൻ പുറമഠത്തിൽ, ട്രഷറർ ജസ്റ്റിൻ തെങ്ങനാട്ട് എന്നിവർ ഗ്രാജുവേറ്റ്സിനെ സദസ്സിന് പരിചയപ്പെടുത്തി. കിഡ്സ് ക്ലബ്, കെ.സി.ജെ.എൽ, കെ.സി.വൈ.എൽ, സീനിയർ സിറ്റിസൺ ഫോറം എന്നിവരുടെ നേതൃത്വത്തിൽ കലാസന്ധ്യയും, വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ ബിങ്കോയും നടത്തപ്പെട്ടു. കെ.സി.വൈ.എൽ. നേതൃത്വത്തിൽ നടത്തിയ മിസ്റ്റർ ക്നാ പരിപാടിയിൽ ഡാനി കണിയാലിയും ഷെയിൻ നെടിയകാലായും വിജയികളായി. വിജയികൾക്ക് കെ.സി.എസ്.പ്രസിഡന്റ് ജോർജ് തോട്ടപ്പുറം ബൊക്കെ നൽകി ആദരിച്ചു.

കെ.സി.എസ്സ് ഗാന്റ് പേരന്റ്സ് കുടുംബകൂട്ടായ്മ സെപ്റ്റംബർ 13 ന്

ചിക്കാഗോ: ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ പോഷക സംഘടനയായ ഗ്രാന്റ് പേരന്റ് സിന്റെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മ നടത്തുന്നു. സെപ്റ്റംബർ 13-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ 6 മണി വരെ കെ.സി.എസ്സ് കമ്മ്യൂണിറ്റി സെന്ററിലാണ് കുടുംബ കൂട്ടായ്മയും നടത്തപ്പെടുന്നത്. വിഭവസമൃദ്ധമായ വിവിധ ഭക്ഷണപദാർത്ഥങ്ങൾ അന്നേ ദിവസം കമ്മ്യൂണിറ്റി സെന്ററിൽ പാകം ചെയ്യുന്നതായിരിക്കും.എല്ലാവർക്കും ഈ കൂട്ടായ്മയിൽ പങ്കെടുക്കാവുന്നതാണ്. എല്ലാ മാതാപിതാക്കന്മാരെയും ഈ കുടുംബകൂട്ടായ്മയിൽ പങ്കെടുക്കുവാൻ എത്തിക്കണമെന്ന് അംഗങ്ങളോട് അഭ്യർത്ഥിക്കുന്നു. കുടുംബ കൂട്ടായ്മയ്ക്ക് കെ.സി.എസ്സ് ഭാഹവാഹികളും, സീനിയർ സിറ്റിസൺ കോഡിനേറ്റർമാരായ ജേക്കബ് പുല്ലാപള്ളി, ജേക്കബ് മണ്ണാർകാട്ടിൽ, ഡയറക്ടർ ടോമി കണ്ണാല എന്നിവർ നേതൃത്വം നൽകും.

Friday Group of Goldies Picnic on Aug. 30th

Hi guys: Here comes our long awaited picnic on Aug. 30 from 11:am to 6:00 p.m. at Harrer Park, 6250 W. Dempster St.,Morton Grove. Good news also for pool lovers. The pool nearby is open to the public for a fee of $6.00 for residents and a little more for the non-residents. So actually, our picnic is also a pool party. The park is long and wide with plenty of trees for shade. Bring your own balls and net, and rings, bats and badminton, for several hours of fun in the park. Oh, you can suggest a fitting menu for the occasion and our co-ordinators will be happy to get that input from you. Even otherwise, just give them a call and they can better prepare for the event. We already got some positive responses and few more won't hurt. Above all, spread the good news and bring some friends too.

Looking forward to meeting all of you at the park, sincerely, Mathew Padinjarel.

For more info, Please call Jose Naduparambil((773-391-4225), Philip Elackatt((847-823-5623) or Jacob Pullapally(773-507-7501)

കെ.സി.എസ് പിക്നിക് നടത്തപ്പെട്ടു

ചിക്കാഗോ: ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഈ വർഷത്തെ രണ്ടാമത്തെ പിക്നിക് നടത്തപ്പെട്ടു. ഓഗസ്റ്റ് 3-ാം തീയതി ഞായറാഴ്ച എൽമസ്റ്റിലുള്ള സോൾട്ടലേക്ക് പാർക്കിലാണ് പിക്നിക് നടത്തപ്പെട്ടത്. സേക്രട്ട് ഹാർട്ട് പള്ളി വികാരി ഫാ. സജി പിണർക്കയിൽ പിക്നിക് ഉദ്ഘാടനം ചെയ്തു. വേനൽക്കാലത്ത് ചിക്കാഗോയിലെ ക്നാനായ കത്തോലിക്കർക്ക് ഒന്നിച്ചുകൂടാനും സാഹോദര്യവും പങ്കുവെയ്ക്കാനും കെ.സി.എസ് ഒരുക്കുന്ന കൂട്ടായ്മ സമുദായ സംഘടനയുടെ വളർച്ചയ്ക്ക് സഹായകരവും ഉപകാരപ്രദവുമാണെന്ന് ഫാ. സജി പിണർക്കയിൽ അഭിപ്രായപ്പെട്ടു. കെ.സി.എസ്. പ്രസിഡന്റ് ജോർജ് തോട്ടപ്പുറം സമുദായാഗംങ്ങളെയും ഫാ. സജി പിണർക്കയിലിനേയും സ്വാഗതം ചെയ്തു. പിക്നിക്കിന് കെ.സി.എസ് ഭാരവാഹികളായ ജെസ്മോൻ പുറമാത്തിൽ, ജൂബി വെന്നലശേരി, സാബു തൈപ്പറമ്പിൽ, ജെസ്റ്റിൻ തെങ്ങനാട്ട്, ഔട്ട്ഡോർ കമ്മറ്റി ചെയർമാൻ ജയിംസ് കോലടി എന്നിവർ നേതൃത്വം നൽകി.

THANK YOU NOTE

2014 KCCNA Convention was noteworthy for the record number of Knanaya people assembled under its banner for four days mingling each other, initiating and renewing relationships, significant for its town hall meeting giving new hope for entire Knanya people around the globe for our fight for justice, captivating for the numerous dazzling unit, team and individual performances on stage, thrilling for supplying sports fans with many electrifying team and individual performances, memorable for the highly satisfying experience as reported by the youth (zero incidents and great participation in variety of programs and the Mass)and interesting for many informative seminars on diverse topics !

Chicago KCS wants to thank all the registrants around the world for giving so many memorable moments and sending the 2014 convention into history books with record number of participants in the history of KCCNA Conventions. We offer our sincere gratitude to Arch Bishop Mar Moolakatt and Vicar General,Fr. Thomas Mulavanal for the blessings and all the priests for their valuable presence. We appreciate the hard work and determination of KCCNA Executives under Tomy Mylakarapurthu, Chairman, Dr. Mathew Thirunelliparambil, General Convener, Cyriac Koovakattil, Youth Co-chair, Rony Puthenparmabil, Conveners, Sunny Mundaplackal and Renji Manalel and all the subcommittee chairs and co-chairs who took the herculean task of conducting a convention of this gigantic magnitude!

On a unit level basis, 2104 Convention was notable for taking home the most covetable trophy for overall performance, emerging victorious in the battle of cities, grabbing the first prize for Procession for the first time, winning youth and senior volleyball championships, women's tug of war competition, shuttle tournament, collecting trophies for second place for cultural program, men's and women's basketball, men's and women's tug of war, Dany Kaniyaly and Linson Kaithamalayil coming on top at the Mr. Kna Pageant and Knanaya Mannan competition respectively and scoring so many points for our unit by our art and literary participants led by Hannah chelackal, Alvina Poothurail, Ammu Nediyakalayil and Alisha Mullapally.

Chicago KCS offers its sincere gratitude to Welcome program team led by Prathibha Thachett, KCS procession team led by Saji Erapuram, Della Nediyakala and Jomole Cheriyathil, KCS cultural program team led by Gracy Vachachira and Chinu Thottam, KCS Art and Literary tam led by Zacharia Chelackal, Santhosh Kalarickaparambil, Roy Chelamala and Jiji Kunnathukizhakethil, KCS Sports and Games team led by Jojo Alappatt, Mathew Thattamattathil, Manoj Ammaikunnel and Saji Vellaramkalayil for orchestrating well the activities of over 2000 participants from our unit.

KCS OLYMPICS-AUG 23rd

ST.PAUL WOODS, MORTON GROVE STARTING AT 9.00 AM

TEAM 1
KAIPUZHA
CHUNKAM
PADAMUKAM
Coordinators:
Mathew Thattamattathil and Punoose Thachet

TEAM 2
KIDANGOOR
MADAMPAM
MALANKARA
PERIKALLOOR
CHANGALERI
Coordinators:
Tinu Paranjattu and Saji Vellaramkalayil

TEAM 3
EDAKATTU
KADUTHURUTHY
Coordinators:
Jojo Alappatt and Jose Manakkatt

TEAM 4
UZHAVOOR
RAJAPURAM
Coordinators:
Aby Keeparayil and Siby Kadalimattam

ആദരാഞ്ജലികൾ



Ouseph Kuriakose
Naduparambil

KCS Chicago extends its heartfelf condolence to sorrowing family members

ആദരാഞ്ജലികൾ

Mary Thomas
Kakkattil

KCS Chicago extends its heartfelf condolence to sorrowing family members

Champions Camp KCJL event

Hello Everyone,

The KCJL team invites all the kids from 5th to 9th grades to our community center on August 30th 2014 from 9 am to 5 pm for a special event which will be conducted by Fr Rafael Karekat.

Fr Rafael has a doctorate degree in Moral Theology and Social Ethics, currently teaches in the Religious Studies Department at Mercy College of Ohio as well as an Associate Graduate Faculty/Professor at Lourdes University, OH

He has guided education sessions for the youth and college.

We highly encourage the parents to send the kids to participate in this unique event. There will be games , food and will learn something that will be useful in life. Any questions, please contact the KCJL co-ordinators

Rajesh Kizhakethil 847-3453552

Prathibha Thachet 224-8052433

Abraham(Kunjumon) Kallidukil nominated as new legislative board member

Dear All,

Abraham(Kunjumon) Kallidukil has been appointed as the new legislative board member by Legislative board Chairman, Jaimon Nanthikattu, as per the guidelines of KCS Constitution for the seat left vacant by Jipson Pillaveettil who moved to Texas. Abraham was sworn in as the legislative board member by Liaison Board Chairman, Jose Simon Mundaplackal on 7/31/14 at Community Center. Mr. Abraham Kallidukil brings a great wealth of knowledge and experience to his new position as the former Chairman of Legislative Board and a strong community activist for many years. Chicago KCS congratulates and wishes him all the best! KCS appreciates Jipson for his work and wishes him all the best!

കിഡ്നി ഫൗണ്ടേഷൻ ഓഫ് ഇന്ത്യ

കിഡ്നി ഫൗണ്ടേഷൽ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ പാവപ്പെട്ട വൃക്കരോഗികളെ സഹായിക്കാൻ അഗ്രഹിക്കുന്നവർക്ക് സാമ്പത്തിക സാഹായം നൽകാവുന്നതാണെന്ന് ഫൗണ്ടേഷന് വേണ്ടി ഷിബു പീറ്റർ വെട്ടുകല്ലേൽ അറിയിച്ചു. കെ.സി.എസ്. അംഗങ്ങൾക്ക് കിഡ്നി ഫൗണ്ടേഷൻ ഓഫ് ഇന്ത്യ വഴി വൃക്കരോഗികൾക്ക് സാമ്പത്തിക സഹായം നൽകുവാൻ താല്പര്യമുണ്ടെങ്കിൽ കെ.സി.എസ്. റിസോഴ്സ് കമ്മറ്റി ചെയർമാൻ ടോമി കണ്ണാലയെ 224 625 0632 എന്ന നമ്പരിൽ വിളിക്കാവുന്നതാണ്.

Sanju Mathew
Citywide Mortgage of America Corp.
NMLS(P)#1182672
Cell: 773-599-1816, Fax: 773-337-6970, sanjumathewp@gmail.com
Your trusted Illinois residential mortgage specialist
advt.

KNANAYA RECIPE BOOK



Dear Knanaya Brothers and Sisters,

First time in KCCNA history National women's forum team has put together a Knanaya recipe book with our traditional Knanaya, Kerala style recipes and many others. This is a great way of passing on our ethnic food recipes to our younger generation. Last 50 copies of the book are available for sale for just $10 and money collected will go to help widows and students with financial crisis in our community. Please buy a copy and support this good cause if you can, contact Chinu Thottam 630 863 4984 or c2c4ever@aol.com to reserve your copy before it is sold out. Thank you

On behalf of KCWFNA
Chinu Thottam
Executive Vice President

Senior Citizen Forum's Outing to Brookfield Zoo on 8/16/14

ഡാൻസ് ക്ലാസ് ആരംഭിക്കുന്നു

മോർട്ടൻഗ്രോവ് സെന്റ് മേരീസ് ക്നാനായ ചർച്ച് ബേയ്സ്മെന്റിൽ തുടർന്നുവരുന്ന **കൈരളി നൃത്തകലാകേന്ദ്രത്തിൽ** സെപ്റ്റംബർ ആദ്യവാരം മുതൽ പുതിയ ക്ലാസ്സുകൾ ആരംഭിക്കുന്നു. 5 വയസ്സിന് മുകളിലുള്ള പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ഈ അവസരം ഉപയോഗിക്കാവുന്നതാണ്. സിനിമാറ്റിക് ഡാൻസ്, ബോളിവുഡ്, വെസ്റ്റേൺ, മാർഗംകളി എന്നിവ ഏജ് തിരിച്ച് പരിശീലനം കൊടുക്കുന്നതാണ്. 4 വയസ്സുള്ള ടാലന്റ് കുട്ടികൾക്കും പ്രത്യേക പരിശീലനം തുടങ്ങുന്നു. ആൺകുട്ടികൾക്ക് മാർഗ്ഗംകളിയുടെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് താഴെപ്പറയുന്ന നമ്പരിൽ വിളിക്കുക.

തോമസ് ഒറ്റക്കുന്നേൽ
630 835 8533

ആൻജോസ് തോമസ്
630 779 8801

അൻജിഷ തോമസ്
630 270 9093

For more information, contact Chinu Thottam:
(630) 863-4984

BOYS • ADULTS • GIRLS
LOCATIONS: DES PLAINES • GLEN ELLYN • NILES
REGISTER ONLINE
info@schoolofrhythm.org • www.schoolofrhythm.org
advt.













KCS

KNANAYA CATHOLIC SOCIETY OF CHICAGO
5110 N. Elston Ave., Chicago, IL 60630